പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *82

30.11.2018 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി<br>ശ്രീ.എസ്. ശർമ്മ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.പി.ടി.എ.റഹീം : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം മേഖലയിലെ പ്രതിസന്ധികൾ നേരിടുന്നതിനായി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| ബി) തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) തോട്ടം തൊഴിലാളികൾക്ക് ഭവന പദ്ധതി പ്രകാരം വീട് വച്ച് നൽകുക, തോട്ടം തൊഴിലാളികളുടെ മിനിമം വേതനം കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുക എന്നിവയാണ്. |
| സി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | സി) പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ജില്ലകളിൽ പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ പ്രവർത്തിച്ച വരുന്നു. പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് വിദ്യാഭ്യാസ - വിവാഹ - ചികിത്സാ ധനസഹായങ്ങൾ നൽകിവരുന്നു. |
| ഡി) തോട്ടം മേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച റിട്ട. ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷന്റെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നു; ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) കമ്മീഷന്റെ ശുപാർശകൾ താഴെ പറയുന്നവയാണ്.<br>1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണം.<br>2. തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം.<br>3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസമില്ലാത്തതുമായ ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണം. |

4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് ഭൂനികുതിയിൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.
5. തോട്ടങ്ങളിൽ നിന്നും റബ്ബർമരങ്ങൾ റീപ്ലാന്റേഷനു വേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം.
6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ വർക്കേഴ്സ് ക്വാർട്ടേഴ്സ് എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.
7. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ.സ്കീം നടപ്പിലാക്കണം. ഇതിനാവശ്യമായ നിയമഭേദഗതികൾ വരുത്തണം.
8. കാലാവസ്ഥാ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിന് അനുവദിക്കണം. ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.
9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകേണ്ടതും ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതാണ്
10. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കേണ്ടതാണ്.
11. തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.
12. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ, അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.

13. പ്രതിസന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് തോട്ടം തൊഴിലാളികളുടെ വേതനത്തിൽ ആവശ്യമായ വർദ്ധനവ് കാലാകാലങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.

14. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്ന പരിഹാരത്തിന് സുവ്യക്തമായ ഒരു പ്ലാന്റേഷൻ പോളിസി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

ജസ്റ്റിസ്.എൻ.കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത സമിതിയുടെ ശുപാർശകൾ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

Sreelekha

സെക്ഷൻ ഓഫീസർ